(സി) മൂന്നു ദിവസം പരിധി നിശ്ചയിച്ചതിലെ സാംഗത്യം വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ കൈപ്പറ്റ് രസീതി ഉടനെ നല്കുന്ന സംവിധാനം ഉള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഓഫീസുകളിലും ഉടനെ രസീതി നല്കാൻ ഉത്തരവ് ഭേദഗതി വരുത്താമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നല്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് സംബന്ധിച്ച് 1-1-2005-ലെ 19754/എ. ആർ.13(2)/04/ഉ.ഭ.പ.വ. നമ്പർ സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്. †

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) പരാതിക്കാരൻ നേരിട്ടു നൽകാതെ തപാൽവഴി ലഭിക്കുന്ന നിവേദനങ്ങളും അപേക്ഷകളും മറ്റും ആഫീസ് സെക്ഷനുകൾവഴി ബന്ധപ്പെട്ട സെക്ഷനിൽ കിട്ടി മേലുദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങാൻ വേണ്ടി വരുന്ന സമയപരിധി ആയിട്ടാണ് മൂന്നു ദിവസം നിശ്ചയിക്കേണ്ടി വന്നത്.

(ഡി) പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് നല്കണമെന്ന് 28-2-2005-ലെ 1209/എ. ആർ. 13(2) 05/ഉ.ഭ.പ.വ. നമ്പർ സർക്കുലറിൽ ഭേദഗതി വരുത്തിയട്ടുണ്ട്. പകർപ്പ് വച്ചിട്ടുണ്ട് †

ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ്

11 [1526] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുമായി അടുത്തിടപഴകേണ്ട മിക്ക വകുപ്പുകളിലേയും ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകിയിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വകുപ്പുകളിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധിതമാക്കുന്നത്, അഴിമതിയും അനീതിയും ഒരു പരിധിവരെ കുറയ്ക്കാൻ പ്രയോജനപ്പെടുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഡ്യൂട്ടി സമയത്ത് സർക്കാർ ജീവനക്കാർ നിർബന്ധമായും തിരിച്ചറിയൽ കാർഡ് സൂക്ഷിക്കണമെന്ന നിബന്ധന കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഡി) ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മുതൽ (ഡി) വരെ ഐഡന്റിറ്റി കാർഡ് നിർബന്ധമാക്കിക്കൊണ്ട് അഴിമതി തടയാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നാൽ ഭരണ നവീകരണ പരിപാടികളുടെ ഈ കാലഘട്ടത്തിൽ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്നത് ആശാസ്യമായിരിക്കുമെന്ന് കരുതുന്നു. സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് ജീവനക്കാർക്ക് ഘട്ടം ഘട്ടമായി ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശമ്പള പരിഷ്ക്കരണ കമ്മീഷൻ നിയമനം

12 [1527] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, കെ. എ. ചന്ദ്രൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കണമെന്ന് അവരുടെ ഏതെല്ലാം സംഘടനകൾ ആവശ്യപ്പെട്ടിരുന്നു ?

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മിക്കവാറും എല്ലാ സംഘടനകളും ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി

13 [1528] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്കരണ കമ്മീഷൻ എന്നു നിലവിൽ വരും;

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) കമ്മീഷൻ എത്ര കാലാവധിക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly